(സി) 644 പേരെ അറസ്റ്റ് ചെയ്യാനുണ്ട്.

(ഡി)

കേസ്സുകളുടെ എണ്ണം	സ്ത്രീകൾക്കെതിരെ നടന്നത് (പെൺകുട്ടികൾ ഉൾപ്പെടെ)	കുട്ടികൾക്കുനേരെ നടന്ന അതിക്രമങ്ങൾ (All Crime against Children cases under SC/ST POA)
കൊലപാതകകേസ്സുകൾ	11	1
ബലാത്സംഗകേസ്സുകൾ	645	194
മറ്റ് പീഡന കേസ്സുകൾ	1191	137
അതിക്രമങ്ങൾ	1847	332

പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ

310 (288) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള മനുഷ്യാവകാശ ലംഘനങ്ങളെ ഗൗരവത്തോടെയാണ് കാണുന്നതെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പോലീസിനു കീഴിൽ മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളോടുള്ള സമീപനത്തിൽ കാലോചിതമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കുറ്റാന്വേഷണത്തിനും ക്രമസമാധാനപാലനത്തിനും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് പോലീസ് നടപടികൾ സ്വീകരിക്കുമ്പോൾ ആയത് നിയമത്തിന്റെ പരിധി ലംഘിക്കുന്നുവെന്ന പരാതികൾ അപൂർവ്വം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്. അപ്രകാരം ഉണ്ടാകുന്ന പരാതികളിൽ അവയുടെ സ്വഭാവവും ഗൗരവവും പരിഗണിച്ച് അന്വേഷിച്ച് ഉചിതമായ തിരുത്തൽ നടപടികൾ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കാറുണ്ട്. അതിനാൽ മനുഷ്യാവകാശ ലംഘനങ്ങൾ സംബന്ധിച്ച് പോലീസിന് എതിരായ പരാതികൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമീപകാലത്തൊന്നും ഇത്തരം നിരീക്ഷണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കാലോചിതമായ മാറ്റങ്ങൾ പോലീസ് സേനയുടെ പരിശീലനത്തിലും പ്രവർത്തനരീതികളിലും കൊണ്ടുവരുന്നുണ്ട്.

നിയമവിരുദ്ധ പ്രവർത്തനം തടയൽ (ഭേദഗതി) നിയമം

311 (289) ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. കെ. കെ. നാരായണൻ:

ശ്രീ. എളമരം കരീം:

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമവിരുദ്ധ പ്രവർത്തനം തടയൽ (ഭേദഗതി) നിയമം (യു.എ.പി.എ) പ്രകാരം സംസ്ഥാനത്ത് ദേശവിരുദ്ധ ഭീകര പ്രവർത്തനങ്ങൾക്കെതിരെ കേസ്സെടുത്തിട്ടുണ്ടോ;

(ബി) ഈ സർക്കാർ യു.എ.പി.എ. വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം കേസുകളാണ് പിന്നീട് സി.ബി.ഐ.-യുടെ അന്വേഷണത്തിന് വിട്ടുകൊടുത്തിരിക്കുന്നത്; കേന്ദ്ര ആഭ്യന്തരമന്ത്രി കതിരൂർ കൊലപാതക കേസ് സി.ബി.ഐ.-യെ ഏല്പിക്കണമെന്ന് കണ്ണൂരിൽ വന്ന് ആവശ്യപ്പെടുകയുണ്ടായോ; ഇക്കാര്യം ഉന്നയിച്ച് ആർ.എസ്.എസ്.- ബിജെപി നേതാക്കൾ മുഖ്യമന്ത്രിയേയും ആഭ്യന്തര മന്ത്രിയേയും നേരിൽ കാണുകയോണ്ടായോ;

(സി) യു.എ.പി.എ. നിയമത്തിന്റെ പ്രധാന ഉദ്ദേശ്യം എന്താണെന്ന് വിശദമാക്കാമോ;

(ഡി) യു,എ.പി.എ. പോലുള്ള നിയമനങ്ങൾ സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടിയും നിരപരാധികൾക്കെതിരെ കള്ളക്കേസ് എടുക്കുന്നതിനും ഉപയോഗിക്കാതിരിക്കാൻ സർക്കാർ എന്തെല്ലാം നിലപാടുകൾ സ്വീകരിച്ചിരുന്നു?

ഉത്തരം

(എ) ഉണ്ട്.

(ബി) 134 കേസ്സുകൾ (ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*) ഇതിൽ ക്രൈം നമ്പർ 780/14 കതിരൂർ പി.എസ്. കേസ് സി.ബി.ഐ. അന്വേഷണത്തിന് കൈമാറിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly